LIBRARY ARCHIVES Kerala Legislative Assembly

തടവുകാരനായ കെ. പി. രവീന്ദ്രന്റെ കൊലപാതകം

73 [74] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ കഴിഞ്ഞ ഏപ്രിൽ 6-ന് തടവുകാരനായ കെ. പി. രവീന്ദ്രൻ കൊലചെയ്യപ്പെട്ടതിനുശേഷം ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രതികളെ കണ്ടെത്തി കേസ് എടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. †

(സി) രവീന്ദ്രന്റെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ പ്രതികൾക്ക് എതിരായി ക്രൈം 236/04 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അക്രമസംഭവങ്ങൾ

74 [75] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഭവനഭേദനം, മോഷണം, കൊലപാതകം, വ്യാപാരസ്ഥാപനങ്ങൾക്കു നേർക്കുള്ള ആക്രമണം, മോഷണം തുടങ്ങിയ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം. വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം എത്ര പേർക്ക് മരണം സംഭവിച്ചു എന്നും എത്ര പേർക്ക് പരിക്ക് ഉണ്ടായിയെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവങ്ങളാൽ സംസ്ഥാനമൊട്ടുക്ക് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും, എത്ര പേരെ പിടികൂടാനുണ്ട് എന്നും വ്യക്തമാക്കുമോ;

(ഇ) ഇവയിൽ എത്ര കേസുകൾ എഴുതിത്തള്ളിയിട്ടുണ്ട്;

(എഫ്) ഈ സംഭവങ്ങളിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സർക്കാർ എന്തെങ്കിലും സഹായങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. †

(ബി) വിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. †

(സി) 98,24,22,322 (തൊണ്ണൂറ്റിയെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി മുന്നൂറ്റി ഇരുപത്തിരണ്ട്) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് 17,156 പേരെ അറസ്റ്റ് ചെയ്യുകയും 4,688 പേരെ പിടികൂടാനുമുണ്ട്.

(ഇ) 6,359 കേസുകൾ.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

ആരാധനാലയങ്ങളിലെ കവർച്ച

75 [76] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര ദേവാലയങ്ങളിൽ മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) അമ്പലങ്ങളിലും, ക്രൈസ്തവ, മുസ്ലീം ദേവാലയങ്ങളിലായി എത്ര മോഷണങ്ങൾ നടന്നുവെന്നും ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇതേ കാലയളവിൽ ഏതെല്ലാം ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങളാണ് മോഷണം പോയിട്ടുള്ളതെന്ന് പറയാമോ;

(ഇ) അന്വേഷണത്തെ തുടർന്ന് ഏതെല്ലാം ദേവാലയങ്ങളിലെ മോഷണ വസ്തുക്കളാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) 999 ദേവാലയ മോഷണങ്ങൾ നടന്നിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു. †

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിശദവിവരങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു. †

(ഇ) വിശദവിവരങ്ങൾ അനുബന്ധം 3-ൽ ചേർക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly